# ഇക്ബാൽ ഹയർ സെക്കന്ററി സ്കൂൾ

## പെരിങ്ങമ്മല



# ഹൃദ്യം 2020

ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ

little KITEs

LK/42067/2018



# സന്ദേശം




2020 ലെ ഇക്ബാൽ ഹയർ സെക്കന്ററി സ്‌കൂളിന്റെ ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കിയ ലിറ്റിൽ കൈറ്റ്സിലെ പ്രതിഭകൾക്ക് എല്ലാ അനുമോദനങ്ങളും അറിയിക്കുന്നു. ഒപ്പം ഇത്തരം പ്രവർത്തനങ്ങൾ മറ്റ് കുട്ടികൾക്കും പ്രചോദനമാവട്ടെ എന്നും ആശംസിക്കുന്നു......

സ്നേഹപൂർവ്വം,

ഹെഡ്മിസ്ട്രസ്സ്
**ജാസ്മിൻ എസ്**

# മലയാളത്തിലെ പ്രിയ സാഹിത്യകാരന്മാർക്ക് ആദരവോടെ........

**ലിറ്റിൽ കൈറ്റ്സ്**

ഇക്ബാൽ ഹയർ സെക്കന്ററി സ്കൂൾ

# രാക്ഷസനും ആടുകളും

ഒരിടത്തൊരിടത്ത്



സഹോദരങ്ങളായ മൂന്ന് ആടുകൾ താമസിച്ചിരുന്നു. ഏറ്റവും മൂത്തയാൾ തടിയനായിരുന്നു.തൊട്ടിളയവൻ അതിലും ചെറുത്. ഏറ്റവും ഇളയവനോ? തീരെ ചെറുതും.

ആടുകൾ താമസിക്കുന്നതിനടുത്ത് ഒരു പുഴയുണ്ടായിരുന്നു.പുഴയ്ക്ക് അക്കരെ പച്ചപ്പു നിറഞ്ഞ പുൽമേകളുണ്ടായിരുന്നു.

ഒരിക്കൽ ആടുകൾ താമസിക്കുന്നിടത്തെ പുല്ല് മുഴുവൻ തീർന്നു.പുഴ കടന്നാൽ വയറു നിറയെ പുല്ല് തിന്നാം. പക്ഷേ, ഒരു കുഴപ്പമുണ്ട്.പുഴകടക്കാൻ ഒരു പാലമുണ്ടായിരുന്നു.പാലത്തിനടിയിലോ?ഒരു രാക്ഷസനും.പാലത്തിലൂടെയാണ് ആടുകൾക്കും അക്കരയ്ക്കു പോകേണ്ടിയിരുന്നത്.ആദ്യം പുഴ കടക്കേണ്ട ഊഴം ഏറ്റവും ഇളയവന്റേത് ആയിരുന്നു.ചെറിയവനായ അവൻ പുഴ കടക്കാനായി പാലത്തിൽ കയറി. ഉടനെ രാക്ഷസൻ പാലത്തിടിയിൽ നിന്നും അലറി.

“പുഴയുടെ കുറുകേ പോണോരേ

പിടിച്ചു തിന്നും ഞാനിപ്പോൾ
പാലം കേറി വരുന്നോരേ
പിടിച്ചു തിന്നും ഞാനിപ്പോൾ".

അതുകേട്ട് ബുദ്ധിമാനായ ആട് പറഞ്ഞു.
"ഞാനൊരു പാവം കുഞ്ഞാട്
കണ്ടാൽ ചെറിയൊരു കുഞ്ഞാട്
പുറകെ വരുന്നത് വല്ല്യാട്
അവനാ ചേട്ടന്റെ ശാപ്പാട്!"

അതുകേട്ട രാക്ഷസന്ന സന്തോഷമായി.അവൻ കുഞ്ഞാടിന് പാലം കടന്ന് പോകാൻ അനുവാദം നൽകി.എന്നിട്ട് അതിലും വലിയവനായി കാത്തിരുന്നു.പിന്നാലെ നടുവിലത്തെ ആട് എത്തി.അവൻ പാലത്തിൽ കയറിയതും രാക്ഷസൻ തല പൊക്കി വന്നു.എന്നിട്ട് അലറി.

"പുഴയുടെ കുറുകേ പോണോരെ
പിടിച്ചു തിന്നും ഞാനിപ്പോൾ
പാലം കേറി വരുന്നോരേ
പിടിച്ചു തിന്നും ഞാനിപ്പോൾ" അതുകേട്ട

ബുദ്ധിമാനായ ആട് പറഞ്ഞു.
"ഞാനൊരു പാവം കുഞ്ഞാട്
കണ്ടാൽ ചെറിയൊരു കുഞ്ഞാട്
പുറകെ വരുന്നതു വല്ല്യാട്

അവനാ ചേട്ടന ശാപ്പാട്"

അതുകേട്ട രാക്ഷസന സന്തോഷമായി.അവൻ ആടിന് പാലം കടന്നുപോകുവാൻ അനുവാദം നൽകി.എന്നിട്ട് ഏറ്റവും വലിയവനായി കാത്തിരുന്നു.ഏറ്റവും ഒടുവിൽ മൂത്തവനായ തടിയൻ ആട് പാലം കടക്കാനെത്തി.അവൻ പാലത്തിൽ കയറിയതും രാക്ഷസൻ അലറി.

"പുഴയുടെ കുറുകേ പോണോരെ
പിടിച്ചു തിന്നും ഞാനിപ്പോൾ
പാലം കേറി വരുന്നോരെ
പിടിച്ചു തിന്നും ഞാനിപ്പോൾ"

അതുകേട്ട തടിയനാട് രാക്ഷസനെ ഒറ്റയിടി! രാക്ഷസൻ പുഴയിലെ വെള്ളത്തിലേക്ക് വീണു! ബ്ലും! ഒഴുക്കിൽപ്പെട്ട് അവൻ ദൂരേക്ക് ഒഴുകിപ്പോയി.

പിന്നീട് മൂന്ന് ആടുകളും സന്തോഷത്തോടെ പുൽമേട്ടിലെത്തി വയറു നിറയെ പുല്ലു തിന്നു.


# എസ് .കെ. പൊറ്റക്കാട്

ജീവിതയാഥാർത്ഥ്യങ്ങളുടെ നേർക്കാഴ്ച ലളിതസുന്ദരമായ ഭാഷയിൽ ആവിഷ്ക്കരിച്ച കഥാകൃത്ത്.മലയാളത്തിലെ എക്കാലത്തെയും മികച്ച



യാത്രാവിവരണക്കാരൻ. മുഴവൻ പേര് ശങ്കരൻക്കുട്ടി കുഞ്ഞിരാമൻ പൊറ്റക്കാട്. കോഴിക്കോട് ജനിച്ചു. സ്വാതന്ത്രസമരത്തിൽ പങ്കെടുത്തിട്ടുണ്ട്. ലോകസഭാംഗമായിരുന്നു. കേരളസാഹിത്യ അക്കാദമി, തുഞ്ചൻ സ്മാരക സമിതി എന്നിവയുടെ നേതൃസ്ഥാനത്തിരുന്നിട്ടുണ്ട്. ജ്ഞാനപീഠം,കേന്ദ്ര – കേരള സാഹിത്യ അക്കാദമി അവാർഡുകൾ എന്നിവ ലഭിച്ചിട്ടുണ്ട്.

# ജന്തു ലോക ക്വിസ്



1. ജന്തുലോകത്തെ കുറിച്ചുള്ള പഠനം?

   സുവോളജി

2. മരം കയറുന്ന മത്സ്യം?

   അനാബസ്

3. ഏറ്റവും വലിയ തരുണാസ്ഥി മത്സ്യം?

   സ്രാവ്

4. തലയില്ലാത്ത ജീവി?

   ഞണ്ട്

5. ഭീകര മത്സ്യം എന്നറിയപ്പെടുന്നത്?

   പിരാന

# ജോൺ ഡാൽട്ടൻ

1766 സെപ്റ്റംബർ 6 – ന് ഇംഗ്ളണ്ടിൽ ജനിച്ച ജോൺ ഡാൽട്ടൻ ആധുനിക ഭൗതിക ശാസ്ത്രത്തിനു സംഭാവന ചെയ്തു വിശ്രുതനായ ശാസ്ത്രജ്ഞനാണ് പരമാണു സിദ്ധാന്തത്തെക്കുറിച്ച് സമർത്തിച്ച ഡാൽട്ടൻ നിരവധി ഗവേശണങ്ങൾ നടത്തി. വിവിധ വാതങ്ങളുടെ മിശ്രിത ചെലുത്തുന്ന മർദ്ദം ഓരോ വാതകവും ചെലുത്തുന്ന മർദ്ദത്തിൻറ ആകെ തുകയാണെന്ന് അദ്ദേഹം കണ്ടെത്തി ലാ ഓഫ് പാർഷ്യൻ പ്രെഷർ നിയമം എന്നാണ് ഇതറിയപെട്ടുന്നത് കാലാവസ്ഥ ശാസ്ത്രമായിരുന്ന ഡാൽട്ടൻ മറ്റൊരു പഠന മേഖല വായുവിന്റെമർദ്ദം ആദ്യമായി ചൂണ്ടിക്കാട്ടിയത്




അദ്ധേഹമായിരുന്നു. 1808-ൽ അദ്ദേഹം പുറത്തിറക്കിയ ഒരു പുതിയ പദ്ധതി എന്ന ഗ്രന്ഥം ശാസ്ത്ര ലോകത്തെ ആകർഷിച്ചു. അതിലെ പ്രതിപാദ്യം മൂല്യകങ്ങളെ അടയാളങ്ങളെ കൊണ്ടു സൂചിപ്പിക്കുന്ന എന്ന രീതി ആവിഷ്കരിച്ചതും ഡാൾട്ടനാണ്. 1884-ൽ അദ്ദേഹം അന്തരിച്ചു. അദ്ദേഹത്തിന് 78 വയസ്സുണ്ടായിരുന്നു.

------------------------

# പഴമൊഴികൾ




* സ്നേഹം ഭാരമറിയുകയില്ല

* സമ്പത്ത് കാലത്ത് തൈപത്തുവച്ചാൽ
ആപത്തുകാലത്ത്
കാപത്തു തിന്നാം

* സൂക്ഷിച്ചാൽ ദുഖിക്കേണ്ട

* വടികൊടുത്ത് അടി വാങ്ങരുത്

* തല്ലുന്ന കൈയേ തലോടൂ

* വിനാശകാലേ വിപരീത ബുദ്ധ

* വെളുക്കാൻ തേച്ചതു പാണ്ടായി


* കൈ നനയാതെ മീൻ പിടിക്കുക

* ഉപ്പു തിന്നവൻ വെള്ളം കുടിക്കും

* കടിക്കുന്ന പട്ടി കുരക്കുകയില്ല

# ലൂയി പാസ്റ്റർ


പേപ്പട്ടി വിഷബാധയ്ക്ക് പ്രതിരോധ കുത്തിവെയ്പ് കണ്ടെത്തിയ ശാസ്ത്രജ്ഞൻ എന്ന നിലയിലാണ് ലൂയി പാസ്റ്റർ ശാസ്ത്രലോകത്ത് ആദരിക്കപ്പെടുന്നത്.1822 ഡിസംബർ 27 ന് ഫ്രാൻസിൽ ജനിച്ച ഇദ്ദേഹം, സംയുക്തങ്ങളുടെ ക്രിസ്റ്റൽ ഘടനയിൽ നടത്തിക്കൊണ്ടായിരുന്നു തുടക്കം. തുടർന്നു പ്രകാശിതയുടെ ആകടീവതയുടെ കാരണം കണ്ടെത്തുന്നതിൽ പാസ്റ്റർ വിജയിച്ചു.




പാൽ ഉയർന്ന ഊഷ്മാവിൽ തിളപ്പിച്ചാൽ കേടാകാതിരിക്കുമെന്നു അദ്ദേഹം കണ്ടെത്തി. ഇങ്ങനെ പാൽ തിളപ്പിച്ച് സൂക്ഷിക്കുന്നത് പാസ്ചറൈസേഷൻ എന്നാണു വിളിക്കുക. രോഗാണു സിദ്ധാന്തം ആവിഷ്കരിച്ചത് പാസ്റ്ററാണു. ആന്ത്രക്സിനെതിരായ കുത്തിവെയ്പുകൾ ഫലപ്രതമാണെന്നുള്ളത് കണ്ടെത്തിയതും ഇദ്ദേഹമാണ്. സൂക്ഷ്മാണു ജീവശാസ്ത്രത്തിന് രോഗപ്രതിരോധ ശാസ്ത്രത്തിന്റെയും പിതാവായി അറിയപ്പെടുന്ന ലൂയി പാസ്റ്റർ,സമൂഹത്തിന്റെ ഉദ്ധാരണത്തിനുവേണ്ടി സ്വജീവിതം ഉഴിഞ്ഞുവെച്ച പ്രതിഭയായിരുന്നു. 1895 ൽ പാസ്റ്റർ അന്തരിച്ചു.

# വികൃതിപ്പൂവൻ

വീടിൻ തൊടിയിൽ ചുറ്റിനടക്കും
വീറു തികഞ്ഞൊരു പൂവൻ
വാഴത്തടയിൽ ചപ്പും ചവറും



വാരിവലിക്കും പൂവൻ
കോഴിപ്പടയുടെയരികിൽ ചെന്നാൽ
വീറു നടിക്കും പൂവൻ
നായക്കുട്ടൻ അതുവഴിവന്നാൽ
വാലിൽ കൊത്തും പൂവൻ
പൂച്ചക്കുട്ടയുമവിടെയണഞ്ഞാൽ
പേടിപ്പിക്കും പൂവൻ
മുറ്റത്തെങ്ങാൻകാക്കയിരുന്നാൽ
കൊത്താൻ ചെല്ലും പൂവൻ
തീകത്തും പൂവും ചൂടി
തലപൊക്കീടും പൂവൻ
വികൃതിക്കിടയിൽ ഗമയിൽ തന്നെ
നീട്ടിക്കൂവും പൂവൻ

# വള്ളത്തോൾ നാരായണമേനോൻ



മലയാളത്തിലെ ആധുനിക കവിത്രയത്തിലൊരാൾ. മലപ്പുറം ജില്ലയിലെ മംഗലം ഗ്രാമത്തിലാണ് ജനിച്ചത്. ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ട ഒട്ടനവധി കവിതകളും ഗാനങ്ങളും രചിച്ചിട്ടുണ്ട്. കഥകളിയുടെ പുനരുദ്ധാരണത്തിനായി കേരളകലാമണ്ഡലം സ്ഥാപിക്കുന്നതിന് നേതൃത്വം വഹിച്ചു. വാൽമീകിരാമായണം,

ഋഗ്വേദശാകുലന്തളം എന്നിവ മലയാളത്തിലേക്ക് തർജമ ചെയ്യുകയുണ്ടായി. പത്മവിഭൂഷൺ ബഹുമതി ലഭിച്ചിട്ടുണ്ട്. ചിത്രയോഗം {മഹാകാവ്യം}, അച്ഛനും മകളും, മഗ്ദലനമറിയാം, കൊച്ചുസീത, ഗണപതി, സാഹിത്യമഞ്ജരി-11 ഭാഗങ്ങൾ എന്നിവയാണ് പ്രധാന കൃതികൾ.

---------------

# തുള്ളൽ

ഒരു കാലത്ത് സാധാരണ ജനങ്ങളെ ഏറ്റവും അധികം ആകർഷിച്ച ഒരു കലാരൂപമാണ് തുള്ളൽ.കുഞ്ചൻ നംബ്യാർ ആണ് ഈ കലാരൂപത്തിന്റെ ഉപജ്ഞാതാവ്.ഹാസ്യത്തിലൂടെ സാമൂഹിക വിമർശനം നടത്തുന്ന എന്നത് ഈ കലാരൂപത്തിന്റെ സവിശേഷതയാണ്.പറയൻ തുള്ളൽ,ശീതങ്കൻ തുള്ളൽ,ഓട്ടൻ തുള്ളൽ എന്നീ മൂന്ന വിധം തുള്ളലുകളുണ്ട്.തൊപ്പിമദ്ദളവും കൈമണിയുമാണ് ഇതിന്റെ പശ്ചാത്തല വാദ്യങ്ങൾ.ലളിതമായ വേഷവിധാനവും അവതരണ രീതിയും തുള്ളലിന്റെ പ്രത്യേകതകളാണ്.



# കുഞ്ചൻ നംബ്യാർ

ക്രിസ്തുവർഷം 18 നൂറ്റാണ്ടിലാണ് കുഞ്ചൻ നംബ്യാർ ജീവിച്ചിരുന്നത്. പാലക്കാട് ജില്ലയിലെ ലക്കിടിക്കടുത്തുള്ള കിള്ളിക്കുറിശ്ശിമംഗലമാണ് ജനനസ്ഥലം.

മലയാളസാഹിത്യ നഭോ മണ്ഡലത്തിലെ ഒരു അനശ്വര താരമാകുന്ന കുഞ്ചൻ നംബ്യാർ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെയും ധർമ്മരാജാവിന്റെയും കൊട്ടാരം കവിയുമായിരുന്ന




കുഞ്ചൻ നംബ്യാർ. ഇദ്ദേഹം തുള്ളൽ കഥയുടെ കർത്താവാണ്. അന്യാദൃശ്യമായ പുരോഗമന വീക്ഷണം നംബ്യാരുടെ അതിശയകരമായ വശ്യതയായിരുന്നു. പ്രാചീന കവിത്രയത്തിലെ ഫലിത പരിഹാസ പ്രിയനായ കവി കൂടിയായിരുന്നു.

പ്രധാനകൃതികൾ:

സീതാസ്വയംവരം,കല്ല്യാണസൗഗന്ധികം,ഘോഷയാത്ര,സ്യമന്തകം, സഭാപ്രവേശം [തുള്ളലുകൾ], ശ്രീകൃഷ്ണചരിതം, മണിപ്രവാളം, നളചരിതം, കിളിപ്പാട്ട്, ത്രിപുരദഹനം, ബാലിവിജയം.

---------------------------

# എഴുത്തച്ഛൻ



തുഞ്ചത്ത്
രാമാനുജൻ എഴുത്തച്ഛൻ 16-ാം
നൂറ്റാണ്ട്.മലപ്പുറം ജില്ലയിൽ തിരൂർ
തൃക്കണ്ടിയൂർ
ശിവക്ഷേത്രത്തിനടുത്തുള്ള തുഞ്ചൻ
പറമ്പാണ് ജന്മസ്ഥലം.

പ്രാചീന
കവിത്രയത്തിലെ ഭക്തകവിയായ
എഴുത്തച്ഛൻ മലയാളഭാഷയുടെ
പിതാവ്
എന്നറിയപ്പെടുന്നു.സാധാരണ
ജനങ്ങൾക്ക് വളരെ ലളിതമായി
മനസ്സിലാക്കുന്ന രീതിയിൽ പുരാണ ഇതിഹാസങ്ങൾ അദ്ദേഹം മലയാള
ഭഷയിലേക്ക് വിവർത്തനം ചെയ്തു. മലയാള ഭാഷയിലും
സാഹിത്യത്തിലും ഒരു ധീരമായ പരിവർത്തനം സൃഷ്ടിച്ച
തുഞ്ചത്തെഴുത്തച്ഛൻ ഒരു കവിയും തത്വജ്ഞാനിയും പരിഷ്കർത്താവും
ആയിരുന്നു.

പ്രധാനകൃതികൾ;ആധ്യാത്മ രാമായണം കിളിപ്പാട്ട് , മഹാഭാരതം
കിളിപ്പാട്ട് , ഭാഗവതം കിളിപ്പട്ട് , ഹരിനാമകീർത്തനം , ചിന്തിരത്നം




# ഇടശ്ശേരി

1906–ൽ മലപ്പുറം ജില്ലയിലെ കുറ്റിപ്പുറത്താണ് ഇടശ്ശേരി ഗോവിന്ദൻ നായർ ജനിച്ചത്. കവി,നാടകകൃത്ത്,സാമൂഹ്യപ്രവർത്തകൻ എന്നീ മേഖലകളിൽ ഇടശ്ശേരി ഗോവിന്ദൻ നായർ ശ്രദ്ധേയനായിരുന്നു.ജീവിത യാഥാർത്ഥ്യങ്ങളിലേക്ക് വിരൽ ചൂണ്ടുന്നവയാണ് അദ്ദേഹത്തിന്റെ കൃതികൾ.

പ്രധാനകൃതികൾ:–കാവിലെ പാട്ട്,പുത്തൻകലവും അരിവാളും, തത്ത്വശാസ്ത്രമുറങ്ങുമ്പോൾ[കവിതാസമാഹാരങ്ങൾ]
അളകാവലി,കറുത്ത ചെട്ടിച്ചികൾ,എണ്ണിച്ചുട്ട അപ്പം, നൂലാമാല,കൂട്ടുകൃഷി,കളിയും ചിരിയും[നാടകങ്ങൾ].

# ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ














# ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ












# ലിറ്റിൽ കൈറ്റ്സ് പവർത്തനങ്ങൾ













Thank
you